# ഇബാദത്തും ആരാധനയും

## ജമാഅത്തെ ഇസ്‌ലാമിയുടെ കുതന്ത്രങ്ങളും

അൻവർ അബൂബക്കർ

അടിസ്ഥാനമുറച്ചേ ആരൂഢമുറയ്ക്കൂ എന്നത് തർക്കമില്ലാത്ത കാര്യമാണ്. അടിസ്ഥാനത്തിന് ഉറപ്പ് വരുത്താതെ അദ്ധ്വാനിച്ചാൽ അൽപാൽപമായി പണിയെടുത്തത് മുഴുവൻ നീങ്ങി പോവുകയും, പ്രയത്നിച്ചത് മുഴുവൻ പാഴ്‌വേലയാവുകയും ചെയ്യും. ആദർശത്തിന്റെ വിഷയത്തിൽ ഇങ്ങനെ ഒരു പരിതാപകരമായ സ്ഥിതിവിശേഷത്തിൽ എത്തിയവരാണ് കേരളത്തിലെ, അല്ല ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ ജമാഅത്തെ ഇസ്‌ലാമി. നയോപായങ്ങളുടെ മറവിൽ ആദർശത്തിലും വ്യക്തിവൈശിഷ്ട്യത്തിലും ഇത്രയധികം കപടത കൈവരിച്ച ഒരു കൂട്ടർ ദുനിയാവിലില്ല. മുമ്പ് പറഞ്ഞതും അള്ളിപ്പിടിച്ചിരുന്നതുമായ എത്രയെത്ര വിഷയങ്ങൾ ഇന്ന് തേയ്ച്ചും മായ്ച്ചും കളയാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഭൂഗോളത്തിൽ വിലാസം നഷ്ടപ്പെടാതിരിക്കാൻ പോരാടികൊണ്ടിരിക്കുന്ന ഇവരുടെ ഇന്നത്തെ ദുർഗതിയുടെ ഹേതു പരിശോധിച്ചാൽ ഏതൊരാൾക്കും നിസ്സംശയം കണ്ടെത്താൻ കഴിയും, പടുത്തുയർത്താൻ ശ്രമിച്ച അടിസ്ഥാനങ്ങളുടെ അടിത്തറ, അത് ദുർബലമായ സാങ്കേതിക പദക്കോപ്പുകളാൽ നിർമ്മിക്കപ്പെട്ട തീർത്തും ഭദ്രതയില്ലാത്ത സാങ്കൽപിക ആദർശമായിരുന്നു എന്നത്.

ഇസ്‌ലാമിന്റെ അടിസ്ഥാന സാങ്കേതിക ശബ്ദങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഇബാദത്ത്. അല്ലാഹുവിന് മാത്രം വകവെച്ചുകൊടുക്കേണ്ട പ്രസ്തുത ഇബാദത്ത് ഒരു മനുഷ്യന്റെ ആത്യന്തികമായ വിജയപരാജയത്തിന്റെ മാനദണ്ഡം നിശ്ചയിക്കുന്നതിൽ പ്രധാനപ്പെട്ട ഘടകമാണ്. മനുഷ്യന്റെ ബുദ്ധിക്കും അനുമാനങ്ങൾക്കും ഇംഗിതത്തിനുമനുസരിച്ച് ഇങ്ങനെയുള്ള ഒരു പദം വ്യാഖ്യാനിച്ചാൽ ഉണ്ടാകുന്ന വിപത്ത് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. ജമാഅത്തെ ഇസ്‌ലാമി അവരുടെ കരവിരുത് പ്രകടിപ്പിച്ച പ്രധാനപ്പെട്ട ഒരു മേഖല ഇതായിരുന്നു. ഖുർആനിലെ പ്രഥമ അദ്ധ്യായം വ്യാഖ്യാനിച്ചിടത്ത് തന്നെ ആ കൃത്യം അവർ നിർവ്വഹിച്ചു: “ഇബാദത്ത് എന്ന പദം അറബിഭാഷയിൽ മൂന്നർത്ഥങ്ങളിൽ ഉപയോഗിക്കാറുണ്ട്: (1) പൂജ, ആരാധന. (2) അനുസരണം, ആജ്ഞാനുവർത്തനം. (3) അടിമത്തം, ദാസ്യവൃത്തി. ഇവിടെ ഈ മൂന്നർത്ഥങ്ങളും ഒന്നിച്ചുദ്ദേശിക്കപ്പെടുന്നുണ്ട്. അതായത്, ഞങ്ങൾ നിന്നെ ആരാധിക്കുന്നവരും നിന്റെ ആജ്ഞാനുവർത്തികളും നിനക്കടിമപ്പെടുന്നവരുമാണ്. ഈ നിലകളിലെല്ലാം നിന്നോട് ഞങ്ങൾ ബന്ധപ്പെടുന്നുവെന്നതല്ല, നിന്നോട് മാത്രമേ ബന്ധപ്പെടുന്നുള്ളൂ എന്നതാണ് യാഥാർത്ഥ്യം. പ്രസ്തുത മൂന്നർത്ഥങ്ങളിൽ യാതൊരർത്ഥത്തിലും ഞങ്ങൾക്ക് മറ്റൊരു ‘മഅ്ബൂദ്’ (ഇബാദത്ത് ചെയ്യപ്പെടുന്നവൻ) ഇല്ലതന്നെ.” (തഫ്ഹീമുൽ ഖുർആൻ, സൂറഃ അൽ ഫാതിഹ 5–ാം ആയത്തിന്റെ വ്യാഖ്യാനം)

ജമാഅത്തെ ഇസ്‌ലാമിയും സലഫികളും തമ്മിൽ വേർപിരിയുന്ന വളരെ പ്രധാനപ്പെട്ട ഭാഗമാണ് നമ്മൾ മുകളിൽ വായിച്ചത്. ഈ വാദം സ്ഥാപിക്കുന്നതിന് വേണ്ടി ഖുർആനിലെ നിരവധി ആയത്തുകൾ പൂർവ്വസൂരികൾക്കാർക്കും പരിചയമില്ലാത്ത വിധം ഇവർ വ്യാഖ്യാനിച്ചു. എന്നാൽ അവയെയെല്ലാം പ്രമാണബദ്ധമായി തന്നെ സലഫികൾ നേരിടുകയാണ് ചെയ്തത്.

ജമാഅത്തെ ഇസ്‌ലാമിയുടെ ദുർവ്യാഖ്യാനങ്ങൾക്കെതിരിൽ കേരളത്തിൽ നിന്നും ഏറ്റവും കൂടുതൽ എതിർപ്പുകളുമായി രംഗത്തു വന്നത് മഹാനായ ഉമർ മൗലവി(റഹി)യാണ്. ഇന്നും അതവർക്ക് ദഹനക്കേടുണ്ടാക്കുന്നു എന്നത് ഇവരുടെതന്നെ ചില ലേഖനങ്ങൾ സൂചന നൽകുന്നു. അത്രമാത്രം ആ ത്യാഗീവര്യൻ ഇവരുടെ ആദർശ പാപ്പരത്തം തുറന്നുകാണിക്കാൻ, വിശിഷ്യാ ഇബാദത്തിന് നൽകിയ വ്യാഖ്യാനത്തിലെ കുതന്ത്രങ്ങൾ തുറന്നുകാണിക്കാൻ പേനയും നാവും ചലിപ്പിച്ചിട്ടുണ്ട്. അതിന്റെ ചെറിയ ഒരു ഉദാഹരണം നോക്കൂ: ''മുജാഹിദും ജമാഅത്തെ ഇസ്‌ലാമിയും തമ്മിൽ എന്താണ് വ്യത്യാസമെന്ന് ആളുകൾ ചോദിക്കുന്നു. പലേ കാര്യങ്ങളിലും വ്യത്യാസമുണ്ട്. പ്രധാനമായ ഒന്ന് മാത്രം പറയാം. ലാഇലാഹ ഇല്ലല്ലാഹു എന്ന പരിശുദ്ധവചനത്തിന് ആരാധിക്കാൻ തരപ്പെട്ടവൻ അല്ലാഹുവല്ലാതെ ഇല്ല എന്ന് മുജാഹിദ് അർത്ഥം പറയുന്നു, അപ്പോൾ അല്ലാഹുവല്ലാത്ത ആരെയെങ്കിലും ആരാധിച്ചാൽ കാഫിറായിപ്പോകുമെന്നുവന്നു. ജമാഅത്തെ ഇസ്‌ലാമി പരിശുദ്ധവചനത്തിന് അനുസരിക്കാൻ തരപ്പെട്ടവൻ അല്ലാഹുവല്ലാതെ ഇല്ല എന്ന് കൂടി അർത്ഥം പറയുന്നു. അനിസ്‌ലാമിക ഗവർമെന്റിന്റെ ഭരണനിയമങ്ങൾ അനുസരിച്ചാൽ കാഫിറായിപ്പോകുമെന്ന് വാദിക്കുകയും ചെയ്യുന്നു. ഉദ്യോഗം സ്വീകരിച്ചാൽ വീണ്ടും കാഫിറായിപ്പോകുമെന്നും വാദിക്കുന്നു. മുജാഹിദുകളുടെ അർത്ഥപ്രകാരം ലാഇലാഹ ഇല്ലല്ലാഹു അംഗീകരിക്കാൻ (അതനുസരിച്ച് ജീവിക്കൽ) വളരെ എളുപ്പമാണ്. യാതൊരു പ്രയാസവുമില്ല. അല്ലാഹുവല്ലാത്ത ആരോടും പ്രാർത്ഥിക്കാതിരിക്കുക. അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥന ഉൾക്കൊള്ളുന്ന കാര്യങ്ങളൊന്നും ചെയ്യാതിരിക്കുക; അത്രമതി. ജമാഅത്തെ ഇസ്‌ലാമിയുടെ അർത്ഥപ്രകാരം ലാഇലാഹ ഇല്ലല്ലാഹുവിനെ പ്രാവർത്തികമാക്കൽ ഇവിടെ അസാദ്ധ്യമാണ്. സംസ്ഥാന ഗവൺമെന്റിന്റേയും കേന്ദ്രഗവൺമെന്റിന്റേയും ഭരണനിയമങ്ങൾക്ക് കീഴടങ്ങിക്കൊണ്ടല്ലാതെ ജീവിക്കൽ അസാദ്ധ്യമാണ് അത് ശരിയായ ഇബാദത്താണ്; അത് ചെയ്തവൻ കാഫിറാണെന്നാണ് വാദം. ഈ നിലയിൽ അവർ ഇസ്‌ലാം ദീനിനെ അപ്രായോഗികമാക്കിക്കളഞ്ഞിരിക്കുന്നു. ഞങ്ങൾ കാഫിറുകളാണെന്ന് സ്വയം സമ്മതിക്കുകയും അതിന്നടിസ്ഥാനമായ സിദ്ധാന്തം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കൂട്ടരെ ഈ ലോകത്ത് വേറെ കാണുകയില്ല, മഹാത്ഭുതം!'' (ഉമർ മൗലവി (റഹി), വ്യത്യാസം ലഘുലേഖ, പേജ് 8)

ആരംഭദശയിൽ ജമാഅത്തിന്റെ വിഘടനവാദ തീവ്രആശയങ്ങൾ അനുസരണത്തോടെ വരവേറ്റ അനുയായികൾ, അതിന്റെ ഭവിശ്യത്തുകൾ ഓരോന്നായി മുന്നിൽ കണ്ടുതുടങ്ങിയ നിമിഷം മുതൽ അവയിൽനിന്നും ഒളിച്ചോടാൻ തുടങ്ങിയിരുന്നു. അതുകണ്ടുകൊണ്ടാണ് ഇവരുടെ വരയും കുത്തും അകത്തിരുന്ന് ശരിക്കും മനസ്സിലാക്കിയ ഒ. അബ്ദുല്ലയെ പോലെയുള്ള ആളുകൾ അത്ഭുതത്തോടെയും പരിഹാസത്തോടെയും ഇവർക്കുനേരെ ഈ കമന്റ് പാസാക്കിയത്, 'എന്തൊരു ചെയ്ഞ്ച്'.!

പക്ഷെ, ആഗോളതലത്തിൽ പ്രശ്നങ്ങൾ ഉയർത്തിവിട്ട ഇവരുടെ മിക്ക ആശയങ്ങളും നിയന്ത്രണാതീത നിലയിൽ പടർന്നുപിടിച്ചിട്ടുള്ളതാണ്. പൊതുജീവിതത്തിൽനിന്നും ഈ കൂട്ടർ അതിൽ ചിലതെല്ലാം മാറ്റിവെച്ചിട്ടുണ്ടെങ്കിലും, പുസ്തകത്തിൽ ബാക്കിയാക്കിയത് കയ്യൊഴിക്കാൻ തയ്യാറാകാത്തിടത്തോളം എങ്ങനെയാണ് ഇവരുടെ പൊതു മണ്ഡലത്തിലെ സഹകരണങ്ങൾ മുഖവിലക്കെടുക്കാൻ കഴിയുക. ഇസ്‌ലാമിക ഭരണത്തെ 'തിയോക്രാറ്റിക്കൽ ഡെമോക്രസി'യായി അവതരിപ്പിക്കാനുള്ള വ്യഗ്രതയിൽ, ഇവർ ചവിട്ടിമെതിച്ച ഇബാദത്ത് പോലുള്ള സംജ്ഞയുടെ യഥാർത്ഥ ആശയം എന്തായിരുന്നുവെന്ന് പഠിപ്പിക്കാത്തിടത്തോളം ജീവഹാനിക്ക് ഹേതുവായ വിഷവായുവോടുള്ള സമീപനം മാത്രമേ ഇവരോട് അകത്തും പുറത്തും കാണിക്കാൻ നമുക്ക് നിർവ്വാഹമുള്ളു.

ലോകത്തിലേക്ക് കടന്നുവന്ന മുഴുവൻ പ്രവാചകരും മുഖ്യമായി പഠിപ്പിച്ചത് അല്ലാഹുവിന് മാത്രം ഇബാദത്ത് ചെയ്യണം എന്ന സർവ്വശ്രേഷ്ഠമായ ആദർശമാണ്. അതിലടങ്ങിയ തത്വമാകട്ടെ വളരെ ലളിതവും മനഃസ്വസ്ഥത ഉൾക്കൊള്ളുന്നവയുമാണ്. എന്നാൽ, ഇസ്‌ലാമേതര ഭരണകൂടങ്ങളേയും വ്യവസ്ഥിതികളേയും അനുസരിക്കുന്നത്

ബിംബാരാധനയെപ്പോലെ ശിർക്കും കുഫ്റുമാണെന്ന് അവതരിപ്പിച്ച് ഒരു ഭരണകൂട അട്ടിമറി ലക്ഷ്യംവെച്ച ജമാഅത്തെ ഇസ്‌ലാമി, അതിനായി ദുരുപയോഗം ചെയ്തത് പ്രവാചകൻമാർ മുഴുവൻ പഠിപ്പിച്ച അതേ ഇബാദത്ത് എന്ന ആശയത്തെയും ആദർശത്തെയുമായിരുന്നു. പ്രസ്തുത അപകടം പ്രാരംഭദശയിൽ തന്നെ മനസ്സിലാക്കിയതുകൊണ്ടാണ് കെ.എം. മൗലവി (റഹി)യെ പോലെയുള്ള പണ്ഡിതൻമാർ അതിനെ അതിശക്തമായി എതിർത്ത് രംഗത്ത് വന്നതും. ഒരു ഉദാഹരണം നോക്കൂ: ''ഇനി ഇവർ ഇങ്ങനെയൊരർത്ഥം വലിച്ചിഴച്ചു കൊണ്ടുവന്നതിലുള്ള ഉദ്ദേശമെന്താണെന്ന് പരിശോധിക്കാം. ഇസ്‌ലാമിന്റെ വിധികൾക്ക് വിരോധമായോ അഥവാ ഇസ്‌ലാമിനെ പിന്തുടരണമെന്ന് നിഷ്ഠയില്ലാത്തതായോ ഉള്ള എല്ലാ ഗവൺമെന്റുകളേയും പൈശാചിക ഗവൺമെന്റെന്നു പറയാതെ നിവൃത്തിയില്ല. അങ്ങനെയുള്ള എല്ലാ ഗവൺമെന്റുകളോടും നിസ്സഹകരിക്കണം. അവയുടെ ഉദ്യോഗം സ്വീകരിക്കുക അവയുടെ കോടതികളിൽ അവയുടെ നിയമമനുസരിച്ച് വിഹരിക്കുക, അതിനു വക്കാലത്ത് സ്വീകരിക്കുക മുതലായ പ്രവൃത്തികളെല്ലാം ആ ഗവൺമെന്റുകളെ അനുസരിക്കലും അവർക്കടിമവേല ചെയ്യലുമാകുന്നു. അതുകൊണ്ട് അവയെല്ലാം ഏറ്റവും വലിയ ശിർക്കും കുഫ്റുമാണ്. ഇന്ന് ഭൂമിയിൽ ഇങ്ങനെയുള്ള പൈശാചിക ഗവൺമെന്റുകളല്ലാതെ യാതൊരു ഗവൺമന്റുമില്ല. അത് കൊണ്ട് മേൽപറഞ്ഞ പ്രകാരമുള്ള മഹാ ശിർക്കു ചെയ്തുകൊണ്ടിരിക്കുകയോ, അതിൽ തൃപ്തിപ്പെടുകയോ ചെയ്യുന്നവരായിട്ടാണ് ഇന്ന് മുസ്‌ലിംകൾ എന്നു പറയപ്പെടുന്നവരെ കാണുന്നത്. തന്മൂലം ഇന്നത്തെ മുസ്‌ലിംകൾ മുസ്‌ലിംകളല്ല. ഇവർ ഇവയെല്ലാം പൂർണമായും ത്യജിച്ചു ജമാഅത്തെ ഇസ്‌ലാമിക്കാരുടെ 'ശഹാദത്ത്' ചൊല്ലി അവരുടെ പാർട്ടിയിൽ ചേരണം. എന്നാലെ രക്ഷയുള്ളു. അവർ വിധിക്കുന്ന എല്ലാ വിധികളും സ്വീകരിക്കണം. അങ്ങനെ അവർക്കു ശക്തി വരുമ്പോൾ ഈ ഗവൺമെന്റുകളെ തകർത്തു ഭൂമിയിൽ അവരുടെ ഗവൺമെന്റു സ്ഥാപിക്കും. അതിന്നാണ് ദൈവീക ഗവൺമെന്റ് حكومة الهي എന്നു പറയുന്നത്. ഈയൊരു പ്ലാൻ മുമ്പിൽവെച്ചു കൊണ്ടാണ് ഇവർ ഇബാദത്തിന്റെ അർഥം മാറ്റിമറിച്ചത്.'' (കെ. എം. മൗലവി(റഹി), അൽമനാർ, 1953 പുസ്തകം: 04, ലക്കം: 510)

ഇബാദത്തിന്റെ അർഥം മാറ്റിമറിച്ച മൗദൂദിസത്തിന്റെ അപകടം അഗാധതലത്തിൽ തന്നെ തിരിച്ചറിഞ്ഞതിനാലാണ് ജമാഅത്തെ ഇസ്‌ലാമി ഇതിനായി ദുരുപയോഗം ചെയ്ത പദങ്ങളെ സലഫി പണ്ഡിതൻമാർ വ്യക്തമായി അപഗ്രഥിച്ചതും അക്കാര്യം സമൂഹത്തിന് മുമ്പിൽ തുറന്ന് കാണിച്ചതും. ഈ രൂപത്തിൽ ജമാഅത്തും സലഫികളും തമ്മിലുള്ള അടിസ്ഥാന തർക്കം പലവുരു വിശദീകരിക്കേണ്ടി വന്നിട്ടുണ്ട്. അവിടെയൊക്കെ ഇക്കാര്യത്തിന്റെ ഗൗരവം അതീവ പ്രാധാന്യത്തോടെ തന്നെ എടുത്തുകാണിച്ചിട്ടുമുണ്ട്. കെ. എം. മൗലവി(റഹി)യുടെ ഈ ഒരു ബോധനരീതി അതിന്റെ മറ്റൊരു തെളിവാണ്: ''നാമും ജമാഅത്തെ ഇസ്‌ലാമിക്കാരും തമ്മിലുള്ള തർക്കം ഇസ്‌ലാം ദീനിന്റെ ശരിയായ ഇബാദത്ത് എങ്ങനെയുള്ളതാകുന്നുവെന്നതിനെ പറ്റിയല്ല. ഇബാദത്തിന്റെ പൊതുവായ അർഥത്തിലാണ് തർക്കം. അതായത്, ഇസ്‌ലാമികമായ ഇബാദത്തിന്റെ പൊതുവായ അർഥത്തിലാണ് തർക്കം. അതായത്, ഇസ്‌ലാമികമായ ഇബാദത്തിനെയും ശിർക്കുപരമായ ഇബാദത്തിനെയും ഉൾക്കൊള്ളുന്ന കേവലമായ അർത്ഥത്തിൽ അതിന്റെ നിർവചനമെന്താണെന്നതിനെക്കുറിച്ചാണ്. 'ഒരു അടിമ തന്റെ യജമാനന്റെ ആജ്ഞാനുവർത്തിയായുംകൊണ്ട് എന്തൊക്കെ ചെയ്യുന്നുണ്ടോ അതിന്നാണ് ഇബാദത്ത്, അടിമവൃത്തി, ആരാധന എന്നൊക്കെ പറയുന്നത്'' എന്നാണ് ജമാഅത്തെ ഇസ്‌ലാമിക്കാർ കൊടുക്കുന്ന പൊതുവ്യാപകമായ നിർവചനം. ഇബാദത്തിന്ന് ഈ നിർവചനം കൊടുക്കുന്നത് കൊണ്ട് എല്ലാ നബിമാർ മുഖേനയും അല്ലാഹു ഇറക്കിയ സകല വേദഗ്രന്ഥങ്ങളേയും ഇവർ നിഷേധിച്ചതായി വന്നുപോകുന്നുണ്ടെന്ന് ഞാനുണർത്തുന്നു.'' (കെ. എം. മൗലവി(റഹി), അൽമനാർ, 1953 പുസ്തകം: 04, ലക്കം: 510)

വളരെ ഗൗരവത്തോടെ തന്നെ ഈ വിഷയം മലയാളക്കരയിലെ സലഫി പണ്ഡിതർ വിലയിരുത്തിയിരിക്കുന്നു എന്നത് മേൽകുറിച്ചിട്ട ഉദ്ധരണികൾ സൂചിപ്പിക്കുന്നുണ്ട്.

രാഷ്ട്രീയപ്രേരിതമായ ഒരു ആശയമായി ഇസ്‌ലാമിന്റെ തൗഹീദ് ദുർവ്യാഖ്യാനിക്കപ്പെടുവാൻ അനുവദിക്കരുത് എന്ന് ആ ദീനീസ്നേഹികൾ ആഗ്രഹിച്ചിരുന്നു. അതുകൊണ്ടാണ് ഇബാദത്തിന് അനുസരണം, അടിമത്തം, ആരാധന എന്നീ മൂന്ന് അർത്ഥങ്ങളുണ്ടെന്ന മൗദൂദിയുടെ വിശദീകരണം അദ്ദേഹത്തിന്റെ സ്വന്തം വകയാണ് എന്ന് മുജാഹിദുകൾ വെട്ടിത്തുറന്ന് പറഞ്ഞത്.

കെ. എം. മൗലവി(റഹി)യുടെ മേൽനോട്ടത്തിൽ പുറത്തിറക്കിയ പരിശുദ്ധ ക്വുർആനിന്റെ തഫ്സീർ ഇക്കാര്യം വളരെ പഠനാർഹമായ നിലയിൽ പഠിപ്പിക്കുന്നുണ്ട്. അതിങ്ങനെ വായിക്കാം: "നിഘണ്ടുക്കൾ പരിശോധിച്ചാൽ 'ഇബാദത്ത്' (عبادة) എന്ന പദത്തിനു പല അർത്ഥങ്ങളും കാണാം. 'അനുസരണം, പുണ്യകർമ്മം, കീഴ്പ്പെടൽ, ഭക്തി അർപ്പിക്കൽ, വഴിപാട്, താഴ്മ പ്രകടിപ്പിക്കൽ' എന്നിങ്ങിനെയും, 'വണക്കം, ആരാധന, പൂജ, സേവ, പ്രീതിപ്പെടുത്തൽ, എന്നിങ്ങിനെയും അർത്ഥങ്ങൾ കാണും. ഈ അർത്ഥങ്ങളിലെല്ലാം തന്നെ വിനയത്തിന്റെയും താഴ്മയുടെയും അംശം അന്തർഭവിച്ചു കാണാം. എന്നാൽ 'ശറഇ'ന്റെ (മതത്തിന്റെ) സാങ്കേതികാർത്ഥത്തിലുള്ള അതിന്റെ ഉദ്ദേശ്യം ശരിക്കും വ്യക്തമാക്കുന്ന ഒറ്റ വാക്ക് മലയാളത്തിൽ കാണുന്നില്ല. ഉള്ളവയിൽവെച്ച് കൂടുതൽ അനുയോജ്യമായതെന്ന നിലക്ക് 'ആരാധന' എന്ന് പരക്കെ അതിനു വിവർത്തനം നൽകപ്പെട്ടുവരുന്നു. താഴ്മയുടെയും ഭക്തി ബഹുമാനത്തിന്റെയും അങ്ങേ അറ്റം പ്രകടിപ്പിക്കുക ( أقصى غاية التذلل والخشوع) എന്നാണ് മതത്തിൽ അതിനു അംഗീകരിക്കപ്പെട്ടുവരുന്ന വിവക്ഷ. ഖുർആൻ വ്യാഖ്യാതാക്കളും, ഇസ്‌ലാമിലെ പണ്ഡിത ശ്രേഷ്ഠൻമാരും—വാക്കുകളിൽ അൽപ സ്വൽപ വ്യത്യാസങ്ങൾ കണ്ടേക്കാമെങ്കിലും— മുൻകാലം മുതൽക്കേ 'ഇബാദത്തി'നു നൽകി വരുന്ന നിർവചനം അതാണ്.

ഭാഷാപരമായും മതപരമായുമുള്ള അതിന്റെ അർത്ഥങ്ങളെപ്പറ്റി ഇമാം ഇബ്നുകഥീർ(റ) അദ്ദേഹത്തിന്റെ പ്രസിദ്ധ തഫ്സീർ ഗ്രന്ഥത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:

العبادة فى اللغة من الذلة يقال طريق معبد وبعير معبد أي مذلل وفى الشرع عبارة عما يجمع كمال المحبة والخضوع والخوف

സാരം: 'ഭാഷയിൽ 'ഇബാദത്ത്' എന്നാൽ, നിന്ദ്യതയിൽ—അഥവാ താഴ്മയിൽ—നിന്നുണ്ടാകുന്നതാണ്. 'മുഅബ്ബദായ' വഴി എന്നും, 'മുഅബ്ബദായ' ഒട്ടകം എന്നും പറയപ്പെടാറുണ്ട്. അതായത് 'മുദല്ലലായ' (അധികമായി ഉപയോഗിച്ച് ഒതുക്കവും പാകതയും വരുത്തപ്പെട്ട)ത് എന്നർത്ഥം. 'ശറഇ'ലാകട്ടെ, സ്നേഹത്തിന്റെയും, ഭക്തിയുടെയും, ഭയത്തിന്റെയും പൂർണ്ണതയെ ഒരുമിച്ച് കൂട്ടുന്ന (ഒത്തിണക്കുന്ന) കാര്യത്തിന് പറയപ്പെടുന്ന വാക്കാണത്'. താഴ്മയിൽ നിന്നും, വിനയത്തിൽനിന്നും മാത്രമല്ല—സ്നേഹത്തിൽ നിന്നും ഭയപ്പാടിൽ നിന്നും കൂടിയാണ്—ഇബാദത്ത് രൂപം കൊള്ളുന്നതെന്നത്രെ ഇബ്നു കഥീർ(റ) ചൂണ്ടിക്കാട്ടുന്നത്. അപ്പോഴേ താഴ്മയും ഭക്തിബഹുമാനവും അങ്ങേ അറ്റത്തേതാകുകയുള്ളു എന്നാണതിന്റെ സൂചന. അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നവർ അവരുടെ ആരാധ്യവസ്തുക്കളെ അത്യധികം സ്നേഹിക്കുകയും, ഭയപ്പെടുകയും ചെയ്യുന്നതിൽ നിന്നാണ് അവയോടുള്ള താഴ്മയും ഭക്തിയും ഉടലെടുക്കുന്നതും. സാധാരണമായ കാര്യകാരണബന്ധങ്ങൾക്കതീതമായി ഏതെങ്കിലും അദൃശ്യ ശക്തി ഒരു വസ്തുവിലുണ്ടെന്ന് വിശ്വസിക്കപ്പെടുമ്പോഴായിരിക്കും അതിനെക്കുറിച്ചുള്ള സ്നേഹവും ഭയവും അത്യധികമായിത്തീരുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഈ വിശ്വാസത്തിൽനിന്ന് ഉടലെടുക്കുന്ന താഴ്മയുടെയും, ഭക്തിബഹുമാനത്തിന്റെയും പ്രകടനമാണ് ഇബാദത്താകുന്ന ആരാധന. സയ്യിദു റശീദുരിളാ മുതലായവർ ചൂണ്ടിക്കാട്ടിയതുപോലെ സ്നേഹം കൊണ്ടോ

പ്രേമം കൊണ്ടോ ഒരാൾ മറ്റൊരാൾക്ക് ചെയ്യുന്ന താഴ്മയും, അധികാരശക്തിയോ അക്രമോ ഭയന്നോ, വല്ല കാര്യ ലാഭവും പ്രതീക്ഷിച്ചോ ഒരാൾ മറ്റൊരാൾക്ക് ചെയ്യുന്ന താഴ്മയും—അതെത്ര വമ്പിച്ചതായാലും—അതിനൊന്നും 'ഇബാദത്ത്' എന്ന് പറയപ്പെടാറില്ല. കാരണം, അവയൊന്നും അദൃശ്യമായ ഒരു കഴിവിലുള്ള വിശ്വാസത്തിൽ നിന്ന് ഉടലെടുത്തതല്ല.

സ്നേഹത്തിന്റെയും ഭയഭക്തിയുടെയും സമ്മേളനത്തിൽ നിന്നാണ് ഇബാദത്തിന്റെ ഉത്ഭവമെന്ന് വരുമ്പോൾ, ഇബാദത്ത് ചെയ്യപ്പെടുന്ന ആളുടെ –അല്ലെങ്കിൽ വസ്തുവിന്റെ– കൽപനാ നിർദ്ദേശമനുസരിച്ചോ, അറിവോടും തൃപ്തിയോടും കൂടിയോ ഉണ്ടാകുന്ന പ്രകടനങ്ങളേ ഇബാദത്താകുകയുള്ളൂവെന്നില്ലെന്ന് വ്യക്തമാണ്. അത്രയുമല്ല, ചിലപ്പോൾ ആരാധ്യന്റെ ഉപദേശനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിപോലും അതുണ്ടാവാം. മരണപ്പെട്ടുപോയ മഹാത്മാക്കൾക്ക് പലരും ഇബാദത്ത് ചെയ്തുവരുന്നുണ്ട്. ആ മഹാത്മാക്കൾ അതറിയുകയോ തൃപ്തിപ്പെടുകയോ ചെയ്യുന്നില്ല. ഈസാ(അ) നബിക്ക് കൃസ്ത്യാനികൾ ഇബാദത്ത് ചെയ്യുന്നു. അതദ്ദേഹം ഇഷ്ടപ്പെടുന്നില്ലെന്നു മാത്രമല്ല, അദ്ദേഹം പ്രബോധനം ചെയ്തിരുന്ന തൗഹീദിനു കടകവിരുദ്ധവുമാണത്. വിഗ്രഹങ്ങളാണെങ്കിൽ, തങ്ങളുടെ ആരാധകരെപ്പറ്റിയോ, ആരാധനയെപ്പറ്റിയോ അറിയുവാനുള്ള ഗ്രഹണശക്തിപോലും അവക്കില്ല. ചുരിക്കിപ്പറഞ്ഞാൽ, അങ്ങേയറ്റത്തെ സ്നേഹം, ബഹുമാനം, ഭയം, ഭക്തി, താഴ്മ, വിനയം, അദൃശ്യമായ കഴിവിലുള്ള വിശ്വാസം ആദിയായവയുടെ സമ്മേളനത്തിൽ നിന്നാണ് ഇബാദത്ത് ഉരുത്തിരിയുന്നത്.'' (അമാനി മൗലവി(റഹി)യുടെ തഫ്സീർ, സൂറഃ ഫാതിഹയുടെ വ്യാഖ്യാനം)

മനുഷ്യൻ മനുഷ്യനെ അനുസരിക്കുന്നതും ആരാധിക്കുന്നതും തമ്മിലുള്ള വ്യത്യാസം നിശ്പ്രയാസം സാധാരണക്കാർക്ക് മനസ്സിലാകുന്നതാണ്. ഡിക്ഷ്നറിയിലെ ദുർഭേദ്യമായ പദങ്ങളെടുത്ത് അനുസരണത്തിന് നിരുപാധികം സോപാധികം എന്നെല്ലാം പദക്കസർത്ത് നടത്തി, ഇബാദത്ത് എന്ന പദം ദുർവ്യാഖ്യാനത്തിന് ഇരയാക്കിയത് വഴി സാധാരണക്കാരിൽ വസ്വാസുണ്ടാക്കാൻ കഴിഞ്ഞു എന്നത് മാത്രമായിരുന്നു ഫലം. അതല്ലാതെ, മൗദൂദികൾ ആഗ്രഹിച്ചതനുസരിച്ച് ധാർമ്മികമായ ഒരു മാറ്റം സൃഷ്ടിക്കാൻ അവർക്ക് ഇതുവരെ സാധിച്ചിട്ടില്ല. കാരണം അയഥാർത്യവും അപ്രായോഗികവുമായ എന്തോ ഒന്ന് അവരുടെ ആദർശത്തിൽ കടന്നുകൂടിയിരിക്കുന്നു എന്നത് തന്നെയാണ്.

'ഇബാദത്ത് എന്ന സാങ്കേതിക ശബ്ദത്തിന്റെ ആശയം മുഴുവൻ ഉൾക്കൊള്ളുന്ന തത്തുല്യമായ ഒരു മലയാള ശബ്ദം എന്ന നിലക്കാണ് ആരാധന അല്ലാഹുവിന്നു മാത്രമേ പാടുള്ളൂ മറ്റുള്ളവർക്ക് നിഷിദ്ധമാണ് എന്ന് പറയുന്നത്' എന്നും, 'ഇബാദത്തിന്റെ ഏതെങ്കിലും ഒരാശയത്തെ ഭാഗികമായി മാത്രം സൂചിപ്പിക്കുന്ന പദം എന്ന നിലക്കല്ല ആരാധന എന്ന് ഉപയോഗിക്കുന്നത്' എന്നും ജമാഅത്ത് സമ്മതിക്കുന്നുണ്ട്. (പ്രബോധനം: വാള്യം 47, ലക്കം 15, 1988 സെപ്തമ്പർ 17, പേജ് 31). ഇനി, 'പ്രാർത്ഥന അതു തന്നെ ആരാധന' എന്ന തിരുമൊഴി ഇതോടൊപ്പം അതിന്റെ അർത്ഥതലം മനസ്സിലാക്കി സ്വീകരിക്കാൻ ഇവർ തയ്യാറായാൽ ഈ തർക്കത്തിന് ഒരു പോംവഴി ലഭിക്കുമായിരുന്നു. അത് മനസ്സിലാക്കിയത് കൊണ്ടാണ് പ്രസ്തുത ഹദീഥ് പലപ്പോഴുമായി മുജാഹിദ് പണ്ഡിതൻമാർ ഇവരെ ഉണർത്തിയത്. മനുഷ്യനെ ചിന്തിപ്പിക്കാൻ ഉതകുന്ന രൂപത്തിൽ ഉമർ മൗലവി(റഹി) നൽകിയ ഒരു വിശദീകരണം കാണുക:

''മനുഷ്യൻ അവന്റെ പ്രകൃതി അനുസരിച്ച് നിത്യം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവനാണ്. അവന് നേടാൻ കഴിയാത്ത പലതും അവൻ ആഗ്രഹിക്കുന്നു. അവന് തടുക്കാൻ കഴിയാത്ത പല ദുരിതങ്ങളും അവൻ ഭയപ്പെടുന്നു. അങ്ങനെ ഭയത്തോടും ആശയോടും കൂടി അവൻ പ്രാർത്ഥിക്കുന്നു. ഈ രംഗത്ത് അവൻ അന്ധാളിച്ചുനിന്നപ്പോൾ അല്ലാഹുവിന്റെ പ്രവാചകൻമാർ ഭയത്തോടും ആശയോടും കൂടി അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ

ഉപദേശിക്കുകയും ഗതികെട്ടവൻ അവനോട് പ്രാർത്ഥിക്കുമ്പോൾ അവൻ ഉത്തരം ചെയ്യുകയും ദുരിതം ഒഴിവാക്കുകയും ചെയ്യുമെന്ന് സുവിശേഷം അറിയിക്കുകയും ചെയ്തു. അതിനാൽ സർവ്വമനുഷ്യരും സ്ഥിരമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുണ്ട്. ദൈവനിഷേധികളായ കമ്മ്യൂണിസ്റ്റുകൾ വരെ പ്രാർത്ഥിക്കുന്നതാണ് അനുഭവം. എങ്ങനെയെന്നാൽ ഇൻക്വിലാബ് സിന്ദാബാദ് എന്നത് അവരുടെ മുദ്രാവാക്യമാണല്ലോ. വിപ്ലവം ജയിക്കട്ടെ എന്നാണ് പറയുന്നത്. വിപ്ലവം ജയിപ്പിക്കാൻ കഴിയുകയില്ല എന്ന് അവർക്കറിയാം. അതുകൊണ്ട് വിപ്ലവം ജയിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്. ആരോടാണ് നിങ്ങൾ ഈ പ്രാർത്ഥിക്കുന്നതെന്ന് ചോദിച്ചാൽ ഉത്തരമില്ല. മേൽവിലാസമെഴുതാതെ കത്തയക്കുകയാണവർ. ദൈവ നിഷേധികളുടെ പ്രാർത്ഥന മഹാ പിഴവിലാകുന്നുവെന്ന് ഖുർആൻ പറയുന്നുണ്ട്, ആകയാൽ പ്രാർത്ഥന തന്നെയാണ് ആരാധന എന്ന ഹദീസ് ആരാധന എന്തെന്ന് നമ്മെ ഗ്രഹിപ്പിക്കുന്ന മതിയായ പ്രമാണമാണ്.

ഇതോടുകൂടി പ്രാർത്ഥന ആരാധനയുടെ മജ്ജയാകുന്നുവെന്ന ഹദീസും കൂടി ഗ്രഹിക്കൽ നന്നായിരിക്കും. ഈ ഹദീസിന്റെ സനദിൽ പോരായ്മ ഉണ്ടെങ്കിലും ഖുർആനിലെ ധാരാളം ആയത്തുകളും വളരെ സ്വഹീഹായ ഹദീസുകളും ഈ വിഷയം സ്ഥിരീകരിച്ചിട്ടുണ്ട്. ഹദീസിന്റെ ആശയം മാനസികമായും വാക്ക് രൂപത്തിലും കർമ്മ രൂപത്തിലുമുള്ള എല്ലാ ആരാധനകളും അതുപോലെതന്നെ സൃഷ്ടിപരമായതും നിഷേധപരമായതുമായിട്ടുള്ള എല്ലാ ആരാധനകളും ഒരു ആത്മാവ് കൂടാതെ ശരിയാകുകയില്ല. ആ ആത്മാവ് പ്രാർത്ഥനയാണ്. പ്രാർത്ഥനയുടെ അടിസ്ഥാനത്തിലുള്ളതു മാത്രമേ ആരാധന ആകുകയുള്ളു. ആരാധനകളുടെ കൂട്ടത്തിൽ ഏറ്റവും ശ്രേഷ്ഠമായ നമസ്കാരം അല്ലാഹുവിനോടുള്ള പ്രാർത്ഥനയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇബാദത്താവുകയുള്ളൂ. ആളുകളെ കാണിക്കാൻ വേണ്ടിയുള്ള നമസ്കാരമാകട്ടെ അത് ഇബാദത്തല്ലല്ലോ. അല്ലാഹു പറഞ്ഞു: 'ജനങ്ങളെ കാണിക്കുകയും നമസ്കാരത്തെപ്പറ്റി അശ്രദ്ധരായിത്തീരുകയും ചെയ്യുന്ന നമസ്കാരക്കാർക്ക് അതികഠിനമായ ശിക്ഷ' ബുദ്ധിമാന്മാരേ ചിന്തിക്കുക. ജനബോധ്യത്തിനുവേണ്ടി ദാനധർമ്മങ്ങൾ വിതരണം ചെയ്തവൻ, ജനബോധ്യത്തിനുവേണ്ടി യുദ്ധം ചെയ്ത് കൊല്ലപ്പെട്ടവൻ, ഭൗതിക ലക്ഷ്യത്തിനുവേണ്ടി മതം പഠിപ്പിച്ച പണ്ഡിതൻ. ഈ മൂന്നു കൂട്ടരുടെ ഭയങ്കരമായ പരിണാമം പ്രവാചകൻ അറിയിച്ചിട്ടുള്ളത് എല്ലാവരും അറിയുമല്ലോ. അവരെല്ലാം ചെയ്ത ഈ മഹാ പുണ്യകർമ്മങ്ങളിൽ അല്ലാഹുവോടുള്ള പ്രാർത്ഥന പൂജ്യമായതാണ് ഇതിന്റെ കാരണം. പ്രാർത്ഥനയാണ് കാര്യത്തിന്റെ കഴമ്പ്. അതില്ലാതെ പോയാൽ എല്ലാം നശിക്കും. പ്രാർത്ഥന ആരാധനയുടെ മജ്ജയാണെന്ന് പ്രവാചകൻ പറഞ്ഞത് മഹാസത്യം. സത്യവിശ്വാസി ബാങ്ക് കേട്ടാൽ വീട്ടിൽ നിന്നോ കടയിൽ നിന്നോ ഓഫീസിൽ നിന്നോ ഗ്രൗണ്ടിൽ നിന്നോ ജമാഅത്തായി നമസ്കരിക്കാൻ പള്ളിയിലേക്ക് പുറപ്പെടുന്നുവല്ലോ. അല്ലാഹുവിന്റെ തൃപ്തിയും പരലോക മോക്ഷവും ആഗ്രഹിക്കുക എന്ന പ്രാർത്ഥനയാണിതിന്റെ അടിസ്ഥാനം. അപ്പോൾ കാൽനടയായിട്ടോ വാഹനത്തിലോ പള്ളിയിലേക്കുള്ള ഈ പോക്ക് നിഷ്കളങ്കമായ ഇബാദത്താണ്. എന്നാൽ പുണ്യാത്മാക്കളോടു പ്രാർത്ഥിക്കുവാനും അവരുമായി അടുക്കുവാനും വേണ്ടി ജാറങ്ങളിലേക്കും ദർഗകളിലേക്കുമുള്ള തീർത്ഥാടനം ആ നേർച്ചക്കാർക്ക് ഇബാദത്താണ്; ബഹുദൈവാരാധനയാണ്. എന്നാൽ റസൂൽ(സ) കൽപിച്ചിട്ടുള്ളതനുസരിച്ച് ജാറങ്ങൾ പൊളിക്കാനാണ് പോകുന്നതെങ്കിൽ അത് അല്ലാഹുവിനു ഇബാദത്താണ്. കർമ്മങ്ങൾ പരിഗണിക്കുന്നത് ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണല്ലോ. വ്യഭിചാരം ഉപേക്ഷിക്കുക, മദ്യം ഉപേക്ഷിക്കുക, പലിശ ഉപേക്ഷിക്കുക, പരദൂഷണവും ഏഷണിയും ഉപേക്ഷിക്കുക, അസൂയ, അഹങ്കാരം മുതലായ മാനസിക പാപങ്ങൾ ഉപേക്ഷിക്കുക ഇതൊക്കെ അല്ലാഹുവിനോടുള്ള ഭയഭക്തിയുടെ അടിസ്ഥാനത്തിലാണെങ്കിൽ ഇബാദത്തുകളാകുന്നു. ഇതുപോലെ അല്ലാഹുവിനെ സ്നേഹിക്കൽ റസൂലിനെ സ്നേഹിക്കൽ, അല്ലാഹു സ്നേഹിച്ചവരെ സ്നേഹിക്കൽ അല്ലാഹു വെറുത്തവരെ വെറുക്കൽ ഇതൊക്കെ അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുക എന്ന പ്രാർത്ഥനയുടെ അടിസ്ഥാനത്തിലാണെങ്കിൽ അല്ലാഹുവിന് ഇബാദത്ത്. പക്ഷെ സ്വഭാവത്തിലും ജീവിതത്തിലും അത് പ്രതിഫലിക്കണം. ചുരുക്കത്തിൽ ഏത് ഇബാദത്തായാലും അതിൽ പ്രാർത്ഥന ഉൾക്കൊള്ളേണ്ടതാകുന്നു. അല്ലാഹുവിന്റെ തൃപ്തിയും പ്രതിഫലവും

ആഗ്രഹിക്കലും അല്ലാഹുവിന്റെ കോപവും ശിക്ഷയും ഭയപ്പെടലുമാണിവിടുത്തെ പ്രാർത്ഥന. ഇതിനെപറ്റി ഇഖ്ലാസ് എന്നു പറയുന്നു. നിയ്യത്ത് എന്നും പറയാവുന്നതാണ്. ഇതുകൂടാതെ ഒന്നും ശരിയാവുകയില്ലെന്നുള്ളത് എല്ലാവർക്കുമറിയാമല്ലോ.'' (കെ. ഉമർ മൗലവി(റഹി), സൽസബീൽ 1998, മെയ് 20)

ഉമർ മൗലവി(റഹി) മുകളിൽ വിശദീകരിച്ച അതേ ആശയം പ്രബോധനത്തിന്റെ താളുകളിലും മുമ്പ് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇബ്നു ഖുദാമഃയുടെ ഒരു ലേഖനം വിവർത്തനം ചെയ്യവെയാണ് അത് സംഭവിച്ചത്. അത് ഇങ്ങനെ വായിക്കാം: ''പ്രാർത്ഥന (دعاء) ഇബാദത്തിന്റെ കാതലാണ്. الدعاء مخ العبادة''പ്രാർത്ഥന ഇബാദത്തിന്റെ മജ്ജയാണ്'' എന്നു നബി(സ) പഠിപ്പിച്ചിട്ടുണ്ട്[1]. ഈയടിസ്ഥാനത്തിൽ എല്ലാ ഇബാദത്തുകളും പ്രാർത്ഥനകളാണ്. എന്നല്ല, പ്രാർത്ഥനയില്ലാത്ത ഇബാദത്ത് മജ്ജയില്ലാത്ത അസ്തി പോലെ ശക്തിയോ ചൈതന്യമോ ഇല്ലാത്ത കേവലം പുറംതോടുകളാകുന്നു. മനുഷ്യരെ ഒരു പക്ഷെ അതു കാണിച്ച് വഞ്ചിക്കാൻ പറ്റിയേക്കും. അല്ലാഹുവിനെ പറ്റില്ല. അവന്റെയടുത്ത് അത്തരം കാലിത്തൊണ്ടുകൾക്ക് യാതൊരു പരിഗണനയും ലഭിക്കുകയില്ല. എങ്ങിനെയാണ് ഇബാദത്ത് ദുആഉ് (പ്രാർത്ഥന) ആയിത്തീരുന്നത്? നിങ്ങൾ പൊതുവഴിയിൽനിന്നു ഒരു മുള്ളെടുത്ത് മാറ്റുന്നുവെന്നു വെക്കുക. അത് ഈമാനിന്റെ – സത്യവിശ്വാസത്തിന്റെ – ഭാഗമാണ്, താൽപര്യമാണ് എന്ന ബോധത്തോടെയാണ് നിങ്ങളിത് ചെയ്യുന്നതെങ്കിൽ അതൊരു ഇബാദത്താണ്. എന്തിനാണ് നിങ്ങൾ ഈമാൻ പൂർത്തീകരിക്കുന്നതും അതിന്റെ താൽപര്യമനുസരിച്ചു പ്രവർത്തിക്കുന്നതും? അല്ലാഹുവിന്റെ പ്രീതി നേടാൻ. ആ മുള്ള് മാറ്റുന്നതിലൂടെ നിങ്ങൾ അല്ലാഹുവിന്റെ പ്രീതി തേടുകയാണ് ചെയ്യുന്നത്. അപ്പോൾ ഓരോ ഇബാദത്തിന്റെയും മൗലികമായ പ്രേരകം അല്ലാഹുവിന്റെ പ്രീതിയോടുള്ള ആഗ്രഹമാണ്. ഓരോ ഇബാദത്തും നിർവ്വഹിക്കുമ്പോൾ നമ്മുടെ അന്തരാളത്തിൽ ഒരു അർത്ഥനയുണ്ട്. 'അല്ലാഹുവേ ഈ കർമ്മം നീ സ്വീകരിക്കുകയും അതുമൂലം നീ എന്നിൽ പ്രീതിയുള്ളവനാവുകയും ചെയ്യേണമേ' എന്നാണത്. ഈ അന്തർബോധം, അതാണ് ഇബാദത്തിനെ ദുആയാക്കുന്നത്. അതിനെ തിരുനബി(സ) ഇബാദത്തിന്റെ മജ്ജ എന്നു വിശേഷിപ്പിച്ചത് എന്തുമാത്രം സൂക്ഷ്മവും സുന്ദരവുമായിരിക്കുന്നുവെന്നു ആലോചിച്ചു നോക്കുക.'' (പ്രബോധനം മാസിക, പ്രാർത്ഥന, 1979 ആഗസ്റ്റ്, പേജ് 38, 39)

പ്രാർത്ഥനയുടെ ആവശ്യകതയും അതിന്റെ മര്യാദകളും, പ്രാർത്ഥന, ഇബാദത്ത്, ഈമാൻ ഇവ തമ്മിലുള്ള ബന്ധങ്ങളും ലളിതമായി വിശകലനം ചെയ്യുന്ന ഒരു ലേഖനം പരിചയപ്പെടുത്തിയിടത്താണ് വളരെ പ്രസക്തമായ ഈ കാര്യങ്ങൾ പ്രബോധനം രേഖപ്പെടുത്തിയത്. ഇബാദത്ത് എന്ന പദം മേൽ ആശയം ഉൾകൊള്ളുന്ന രൂപത്തിൽ ഇവർ മനസ്സിലാക്കിയിരുന്നെങ്കിൽ, ദുർവ്യാഖ്യാനങ്ങളുടെ പടുകുഴിയിൽ നിന്നും ഇവർക്ക് എന്നേ രക്ഷപ്പെടാമായിരുന്നു.

ഇനി, ഇവർ മുസ്‌ലിംകൾക്കെതിരിൽ നടത്തുന്ന ക്രൂരമായ ഒരാരോപണം നോക്കൂ: ''ആരാധന എന്ന പദത്തെ, സാധാരണ ഹിന്ദുക്കൾ പരമ്പരാഗതമായി കല്പിച്ചുപോരുന്ന അർത്ഥത്തിൽ സ്വീകരിക്കുകയും അതിനെ 'ഇബാദത്ത്' എന്ന സാങ്കേതികശബ്ദത്തിന്റെ മലയാള തർജ്ജമയായി ആരോപിക്കുകയുമാണ് നാം മുസ്‌ലീംങ്ങൾ ആദ്യമേ ചെയ്തത്. അതിനു ഇസ്‌ലാമികമായ ഒരർത്ഥകല്പന നിർദ്ദേശിക്കുവാൻ ശ്രദ്ധിക്കുകയുണ്ടായില്ല...'' (പ്രബോധനം: വാല്യം 47, ലക്കം 15, 1988 സെപ്തമ്പർ 17, പേജ് 31). ഇത് പറഞ്ഞ ലേഖകൻ,

---

[1] ഈ ഹദീഥ് ഉദ്ധരിച്ച ശേഷം തിർമിദി പറഞ്ഞു: (هٰذَا حَدِيثٌ غَرِيبٌ مِنْ هٰذَا الوَجْهِ، لا نَعْرِفُهُ إِلا مِنْ حَدِيثِ ابْنِ لَهِيعَةَ)
അൽബാനി തന്റെ ''അഹ്കാമുൽ ജനാഇസി''ൽ (പേ: 247) ഈ ഹദീഥിനെ കുറിച്ച് ദുർബ്ബലമെന്ന് പറഞ്ഞു. നുഅ്മാനിന്റെ ഹദീഥിനെ തെളിവാക്കി ഇതിന്റെ ആശയം ശരിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തന്റെ വിഷയം അവസാനിപ്പിക്കുന്നത് ഇപ്രകാരം പറഞ്ഞിട്ടാണ്: "... എന്നാൽ 'ഇബാദത്തി'നു സമാനയമായി ഒരു മലയാളശബ്ദം തന്നെ വേണമെന്നുണ്ടെങ്കിൽ അതിൽ ഏറ്റവും ഉചിതമായ പദം 'ആരാധന' തന്നെയാണ്. കാരണം ഇബാദത്തിന്റെ ആശയം 'ആരാധന'യോളം ഉൾക്കൊള്ളാൻ പര്യാപത്മായ മറ്റൊരു പദം കാണുന്നില്ല. ആരാധനക്ക് ഇന്നറിയപ്പെടുന്ന പൂജ, സേവ എന്നിവയിൽ കവിഞ്ഞ അർത്ഥതലങ്ങളുണ്ടെന്നും വിഗ്രഹാരാധനയുടെ വളർച്ചയാൽ അത് ചുരുങ്ങിപ്പോയതാണെന്നും ആധികാരിക ഭാഷാഗ്രന്ഥമായ മലയാളം ലക്സിക്കനും സർവ്വവിജ്ഞാനകോശവും വ്യക്തമാക്കുന്നുമുണ്ട്. അതുകൊണ്ട് ആരാധന എന്ന പദത്തിന്റെ വിവക്ഷിതത്തിൽ ഇബാദത്തിന്റെ ആശയം പൂർണ്ണണമായി ആരോപിക്കുന്നതിൽ അപാകതയൊന്നുമില്ല. എന്നാൽ അത് ചെയ്യാതെ ആരാധനയെ ഇന്നറിയപ്പെടുന്ന സാധാരണം അർത്ഥത്തിലെടുത്ത് ഇബാദത്തിന്റെ സമാനശബ്ദമായുപയോഗിക്കുന്നത് തികച്ചും തെറ്റാണ്." (പ്രബോധനം: വാള്യം 47, ലക്കം 15, 1988 സെപ്തമ്പർ 17, പേജ് 31)

അറബി അറിയില്ല എന്നത് കൊണ്ടുണ്ടായ ദുരന്തം ഇബാദത്തിന് അടിമത്തം അനുസരണം എന്നിങ്ങനെ അർത്ഥം കൊടുത്ത വിഷയത്തിൽ നമ്മൾ കണ്ടതാണ്.[2] ക്വുർആന്റെ അവതരണവേളയിൽ സുഗ്രാഹ്യമായിരുന്ന ഇബാദത്ത് പോലുള്ള പദങ്ങൾക്ക് അവയുടെ വിശാലമായ അർത്ഥം പിന്നീട് നഷ്ടപ്പെട്ടുപോയി, കളങ്കമറ്റ അറബിഭാഷാ ആസ്വാദനത്തിൽ സംഭവിച്ച അപചയമായിരുന്നു അതിന് കാരണമെന്ന് പറഞ്ഞതിലൂടെ മുസ്‌ലിംകളായ അറബികൾക്കുനേരെയായിരുന്നു ഒരസ്ത്രം മൗദൂദി മുമ്പെറിഞ്ഞത്. ഇപ്പോഴിതാ മറ്റൊരു അസ്ത്രം മുസ്‌ലിംകളായ മലയാളികളുടെ നേരേ അതിന്റെ അനുയായികളുടെ വകയും.! ആരാധന എന്ന പദത്തെ സാധാരണ ഹിന്ദുക്കൾ പരമ്പരാഗതമായി കല്പിച്ചുപോരുന്ന അർത്ഥത്തിൽ സ്വീകരിക്കുകയാണത്രെ നാം മുസ്‌ലിംകൾ ചെയ്തിട്ടുള്ളത്. അറബിയിലും മലയാളത്തിലും ഇവർക്കുള്ള പോരായ്മകൾ മുസ്‌ലിംകളുടെ മേൽ അടിച്ചുചാർത്തുകയാണ്.

സത്യത്തിൽ, പശ്ചാത്തലവും നിലവിലുള്ള സാഹചര്യവും അസന്ദിഗ്ദ്ധ യാഥാർത്ഥ്യങ്ങളും പരിഗണിക്കാതെ നിഘണ്ടുവിൽ കാണുന്ന അർത്ഥം എഴുതി പിടിപ്പിച്ച് ക്രേമത്വം പ്രകടിപ്പിക്കുന്ന സ്വഭാവം ജമാഅത്ത് തൂലികാ തൊഴിലാളകളുടെ സ്ഥിരം ഐറ്റമാണ്. ഇത് പണ്ടുമുതലേ മുജാഹിദ് പണ്ഡിതൻമാർ പിടികൂടിയതും ഉപദേശിച്ചതുമായ സംഗതിയിൽപെട്ടതാണ്. പ്രബോധനത്തിൽ മുമ്പ് വന്ന ഒരു വാചകകസർത്ത് കയ്യോടെ പിടികൂടിയ ഒരു രംഗം നോക്കൂ: "പ്രബോധനത്തിനു ഭാഷനന്നാക്കാൻ വലിയ ഭ്രമമാണ്. ഈ സാഹസത്തിൽ അബദ്ധങ്ങൾ പിണഞ്ഞുപോകാറുണ്ട്. സൂറത്തുൽ ഇസ്റാഅ് ആദ്യത്തെ ആയത്തിന്റെ അവസാന ഭാഗം പരിഭാഷപ്പെടുത്തിയത് വിചിത്രമായിട്ടുണ്ട്. "നിശ്ചയമായും അവൻ സർവശ്രോതാവും സർവദ്രഷ്ടാവുമാണ്" എന്നാണത്. എന്തൊരു സാഹിത്യം! "നിശ്ചയം അവൻ തന്നെയാണ് കേൾക്കുന്നവനും കാണുന്നവനും" എന്നിപ്രകാരമാണ് സാധാരണ ഇത് പരിഭാഷപ്പെടുത്താറ്. ("അവൻ തന്നെയാണ്" എന്നുപറയാൻ കാരണം: അല്ലാഹുവിന്റെ കേൾവിക്കും കാഴ്ചക്കും യാതൊരു പരിമിതിയും ഉപാധിയുമില്ല; മറ്റുള്ളവരുടെ കാഴ്ചക്കും കേൾവിക്കും പരിമിതിയും ഉപാധിയുമുണ്ട്) സാധാരണ എല്ലാവരും പറയാറുള്ള രീതിപോര, ഭാഷ കുറച്ചു കട്ടിയാകട്ടെ, സാഹിത്യം ഉയരട്ടെ എന്നുദ്ദേശിച്ചായിരിക്കും 'സർവ്വശ്രോതാവും സർവദ്രഷ്ടാവും' എന്നാക്കിയത്. പക്ഷെ ശ്രോതാവുകേട്ടുകൊള്ളണമെന്നു നിർബന്ധമില്ല. കേൾക്കാൻ തയ്യാറായി ഇരിക്കുന്നവൻ ശ്രോതാവാണ്. എല്ലാം കേൾക്കാൻ ഉദ്ദേശിച്ചു ഇരിക്കുന്നവൻ മുഴുവൻ കേട്ടില്ലെങ്കിലും

[2] http://salafivoice.com/articles/01_Ibadathum_Adimathavum_Moudoodikalude_Viddithavum.pdf

http://salafivoice.com/articles/02_Islamile_Ibadathum_Anusaranamillatha_Jamathum.pdf

ശ്രോതാവുതന്നെ. ഒരു യോഗത്തിലെ ശ്രോതാക്കൾ എന്നു പറയുമ്പോൾ അവിടെ നടന്ന ശബ്ദമെല്ലാം കേട്ടു എന്നുവെക്കാൻ പറ്റുമോ? ചിലശ്രോതാക്കൾ ഒന്നും കേട്ടില്ല എന്നു വരാം. 'സർവ്വദ്രഷ്ടാവു' എന്നു പറഞ്ഞാൽ എന്താണെന്ന് സാധാരണക്കാർക്ക് മനസ്സിലാകയില്ല. ഏതായാലും 'കേൾക്കുന്നവനും കാണുന്നവനും' എന്ന ലളിതവും എല്ലാവർക്കും സുപരിചിതവുമായ ഭാഷവിട്ടു, പകരം ഇങ്ങിനെ കുഴപ്പം പിടിച്ച ഭാഷാപ്രയോഗങ്ങൾ തേടി നടക്കുന്നത് എന്തിനാണ്? ഒരു തരം ബാലിശമായ അഭിമാന പ്രകടനവും തരം താഴ്ന്ന അല്പത്വവും.'' (ഡോ. ഉസ്മാൻ സാഹിബ്, സൽസബീൽ, 1972 ഡിസംബർ 20, പേജ് 55)

ഏതായാലും ഇങ്ങനെയുള്ള ജമാഅത്തിന്റെ ഓരോ വിവരക്കേടുകൾ മുസ്‌ലിം സമുദായം പിൻപറ്റുകയായിരുന്നു എങ്കിൽ, ഇഹലോകത്ത് സമുദായത്തിന് വലിയ നഷ്ടം നേരിടേണ്ടി വരുമായിരുന്നു; പരലോകത്ത് അതിനേക്കാൾ വലുതും. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് ഇവ്വിഷയത്തിലും ധിഷണാശാലികളായ പണ്ഡിതന്മാരുടെ ഇടപെടലുകൾ കൊണ്ട് കൃത്യമായ ഒരു മാർഗദർശനം കേരളക്കരയിൽ നമുക്ക് ലഭിച്ചു. അതല്ലെങ്കിൽ 'ഉലൂഹിയ്യത്ത്, റുബൂബിയ്യത്ത്, ഇബാദത്ത്, ദീൻ എന്നിവയുടെ ആശയങ്ങൾ പ്രവാചക നിയോഗത്തിന് മുമ്പ് അറബികൾക്കിടയിൽ സാർവത്രികവും സുഗ്രാഹ്യവുമായിരുന്നുവെന്നും, പ്രവാചക നിയോഗത്തിനു ശേഷം ആ പദങ്ങൾക്ക് മുമ്പുണ്ടായിരുന്ന വിശാലത നഷ്ടപ്പെട്ട് സങ്കുചിതാശയങ്ങളിൽ ഒതുങ്ങിപ്പോയി എന്നുമുള്ള മൗദൂദിയുടെ സ്ഖലിതങ്ങൾക്ക് മുസ്‌ലിം കൈരളി ബലിയാടാകുമായിരുന്നു; സങ്കൽപവീട്ടിൽ ഒതുങ്ങിക്കഴിയേണ്ടിവരുമായിരുന്നു. ബാക്കിയുള്ളത് ഉമർ മൗലവി (റഹി) പറയട്ടെ: ''ജമാഅത്തെ ഇസ്‌ലാമിയുടെ സിദ്ധാന്ത പ്രകാരം ഇൻഡ്യയിലെ മുസ്‌ലിംകൾ ഉദ്യോഗം തിരസ്കരിച്ചിരുന്നുവെങ്കിൽ അൻപത് വർഷങ്ങൾ പിന്നിട്ട ഈ ഘട്ടത്തിൽ സമുദായത്തിന്റെ അവസ്ഥ എന്താകുമായിരുന്നു. കുറെയെല്ലാം ഉദ്യോഗം നേടിയിട്ടുപോലും നാം ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിച്ച സംവരണത്തിന്റെ ആനുകൂല്യത്തിനുവേണ്ടി പൊരുതുകയാണ്. എന്നാൽ മൗദൂദിസം ഈ സമുദായത്തെ പിന്നോക്കത്തിന്റെ അഗാധമായ ഗർത്തത്തിലേക്ക് നിഷ്ക്കരുണം തള്ളിയിടുവാൻ ആവേശപൂർവ്വം ശ്രമിക്കുകയായിരുന്നു. 'ശിർക്കി'ൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ഉദ്യോഗം രാജിവെച്ച മഹാപോയത്തക്കാർ തീരാദുഃഖത്തിലായി. അവർ ഇപ്പോൾ തങ്ങളുടെ മക്കളെ ഉദ്യോഗസ്ഥരാക്കാൻ കോഴകൊടുത്ത് 'പ്രായശ്ചിത്തം' ചെയ്യുന്നു! കലാലയങ്ങളെ 'കൊലാലയങ്ങൾ' എന്ന് ആക്ഷേപിക്കുകയും കലാലയ വിദ്യാഭ്യാസം നിഷിദ്ധമാക്കി പ്രഖ്യാപിക്കുകയും ചെയ്തതും മൗദൂദിയുടെ വിശദീകരണത്തിൽ വിശ്വാസമർപ്പിച്ചു കൊണ്ടായിരുന്നു. ഇന്ത്യയിലെ മുസ്‌ലിംകൾ ഈ 'പത്താൻകോട്ട് ദീൻ' ഇസ്‌ലാമാണെന്ന് ധരിച്ച് കലാലയങ്ങളെ ഉപേക്ഷിച്ചിരുന്നുവെങ്കിൽ സമുദായം മലംചുമക്കുന്ന കഴുതകൾക്ക് സമാനമാകുമായിരുന്നു. മൗദൂദി പറഞ്ഞ ശിർക്കിൽ നിന്നും രക്ഷപ്പെടാൻ സർട്ടിഫിക്കറ്റുകൾ ചീന്തിയെറിഞ്ഞ മഹാപോയത്തക്കാർ തീരാദുഃഖത്തിലായി. ദുൻയാവും ആഖിറവും നഷ്ടപ്പെട്ട അവസ്ഥയിൽ! അവർ ഇപ്പോൾ തങ്ങളുടെ മക്കളെ കലാലയങ്ങളിൽ അയച്ച് ഉന്നത ബിരുദമെടുത്ത് അവരെ ഉദ്യോഗസ്ഥൻമാരാക്കി അഭിമാനപൂർവ്വം ജീവിക്കുകയാണ്. മൗദൂദിസം ഈ സമുദായത്തെ പിന്നോക്കത്തിന്റെ അഗാധമായ ഗർത്തത്തിലേക്ക് തള്ളിയിടാൻ ശ്രമിക്കുകയായിരുന്നു. അനുഭവിച്ചറിഞ്ഞിട്ടും പാഠം പഠിക്കാതെ മൗദൂദിസത്തെ താലോലിക്കുന്ന ഈ പോയത്തക്കാരെ 'ബുദ്ധിജീവികൾ' എന്നു വിളിക്കാൻ സമുദായത്തിൽ ഇപ്പോഴും ആളുകൾ ഉണ്ട്. എങ്ങനെ ഈ സമുദായം രക്ഷപ്പെടും?! (കെ. ഉമർ മൗലവി(റഹി), സൽസബീൽ 1994, സെപ്തംബർ 20)